## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1415 — 07/06/2018-ൽ മറുപടിയ്ക്ക്

## അരൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എം. ആരിഫ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അരൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് ഗവ. എച്ച്.എസ്.എസ് ചന്തിരൂരിനെ 5 കോടി രൂപ പദ്ധതിക്കും, ഗവ. എച്ച്.എസ്.എസ്, തിരുനെല്ലൂരിനെ 3 കോടി രൂപ പദ്ധതിയ്ക്കും തെരെഞ്ഞെടുത്തിട്ടുണ്ട്. ഗവ. എൽ.പി.സ്കൂൾ, മട്ടത്തിൽ ഭാഗത്തിന് കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ തിരുനെല്ലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിന് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപയും, 15 പുതിയ കമ്പ്യൂട്ടറുകളും നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി അരൂർ നിയോജകമണ്ഡലത്തിലെ 33 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ 308 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം പൂർത്തിയാക്കുകയും ചെയ്തു. |

അതോടൊപ്പം, പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളിലും അരൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഈ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഗവ. എച്ച്.എസ്.എസ് ചന്തിരൂറിന് അനുവദിച്ച 5 കോടി രൂപ പദ്ധതിക്ക് കിഫ്ബി അനുമതി ലഭിക്കുകയും, നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ പ്രോസസിംഗ് "കൈറ്റിന്റെ" നേതൃത്വത്തിൽ നടന്നുവരുന്നുമുണ്ട്. ഗവ. എച്ച്.എസ്.എസ്, തിരുനെല്ലൂരിന്റെ 3 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബി അനുമതിക്കായി നൽകിയിട്ടുണ്ട്. മണ്ഡലത്തിലെ സ്കൂളുകളിലെ ശേഷിക്കുന്ന ക്ലാസ്സ്മുറികൾ സജ്ജമാക്കുന്നതിനനുസരിച്ച് ഹൈടെക് ആക്കുന്നതുമാണ്. |

Reena

സെക്ഷൻ ഓഫീസർ